# മുതലാളിത്ത പ്രതിസന്ധി രൂക്ഷമാകുന്നു

ഇന്ത്യൻ സമ്പദ്ഘടന മാന്ദ്യത്തിന്റെ കരിനിഴലിലാണ്. വികസനത്തെക്കുറിച്ച് മോദിസർക്കാർ നടത്തുന്ന വായ്ത്താരിയും യാഥാർഥ്യവും തമ്മിൽ വലിയ അകൽച്ചയുണ്ട്. ഇന്ത്യ ലോകത്തെ അഞ്ചാമത്തെ വലിയ സമ്പദ്ഘടനയാണെന്ന അവകാശവാദം ലോകബാങ്ക് അംഗീകരിക്കുന്നില്ല. 2018 ൽ ഇന്ത്യയുടെ സ്ഥാനം ഏഴാമതാണെന്നാണ് ലോകബാങ്കിന്റെ വിലയിരുത്തൽ. 2024 ആകുമ്പോഴേക്ക് ഇന്ത്യ 5 ട്രില്ല്യൻ ഡോളർ സമ്പദ്ഘടന (ഏകദേശം 350 ലക്ഷം കോടി രൂപ) ആകുമെന്ന മോദിയുടെ അവകാശവാദം സാമ്പത്തിക വിദഗ്ധൻമാർ ചോദ്യം ചെയ്യുന്നു.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ സംബന്ധിച്ച കണക്കുകൾ പല സാമ്പത്തിക വിദഗ്ധൻമാരും ചോദ്യം ചെയ്യുന്നു. മോദിസർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രഹ്മണ്യൻ,റിസർവ് ബാങ്ക് മുൻ ഗവർണർ രഘു റാം രാജൻ തുടങ്ങിയവർ അക്കൂട്ടത്തിൽപെടും. ഔദ്യോഗിക കണക്കുകളേക്കാൾ കുറഞ്ഞ നിരക്കിലാണ് ഇന്ത്യയുടെ ജിഡിപി വളർച്ചയെന്നാണ് വിദഗ്ധന്മാർ പറയുന്നത്. ഇന്ത്യ അതിവേഗം വളരുന്നു എന്ന അവകാശവാദം ചോദ്യം ചെയ്യപ്പെടുന്നു.

2019 ആദ്യ പാദത്തിലെ ജിഡിപി വളർച്ച 5.8 ശതമാനമാണ്. 2019-20 വർഷത്തെ ജിഡിപി കണക്കുകളിൽ മാത്രമല്ല വ്യാവസായ-സാമ്പത്തിക ഉത്പാദന വളർച്ചാനിരക്കും കുറയുകയാണ്. ലാർസർ &ടൂബ്രോ (L &T) ചെയർമാൻ എ.എം.നായിക്,എച്ച്ഡി എഫ് സി ചെയർമാൻ ദീപക് പരേഖ് എന്നിവർ ശുഭാപ്തിവിശ്വാസം നഷ്ടപ്പെട്ട മട്ടിലാണ് ഇപ്പോൾ സംസാരിക്കുന്നത്. സമ്പദ്ഘടനയുടെ മുഖ്യ ചാലകശക്തിയായിരുന്ന മോട്ടോർ വാഹന ഉത്പാദന വ്യവസായം വലിയ മാന്ദ്യത്തിലേക്ക് നീങ്ങിയിരിക്കുകയാണ്.വ്യവസായികൾ ഉത്തേജക പാക്കേജ് വേണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഓട്ടോമൊബൈൽ വ്യവസായം കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലെ ഏറ്റവും വലിയ തകർച്ചയാണ് നേരിടുന്നത്.1991 ൽ ഉദാരവത്കരണ നയം ആരംഭിച്ചത് മുതൽ വലിയ തോതിൽ വളർന്ന മേഖലയായിരുന്നു ഓട്ടോമൊബൈൽ ഉത്പാദനം. പുതുതലമുറയിൽപെട്ട വാഹനങ്ങൾ ചൂടപ്പം പോലെയാണ് വിറ്റത്. എന്നാൽ പ്രസ്തുത മേഖല ഇപ്പോൾ ഉത്പാദനം വലിയതോതിൽ വെട്ടിക്കുറക്കുകയാണ്. മോട്ടോർ വാഹനങ്ങൾക്കാവശ്യമായ ഘടക വസ്തുക്കൾ (കംപോണന്റ്സ് ) ഉത്പാദിപ്പിക്കുന്ന വ്യവസായങ്ങളും പ്രതിസന്ധിയിലാണ്. ഏകദേശം 3.5 ലക്ഷം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടതായാണ് കണക്കാക്കിയിരിക്കുന്നത്. വാഹന വിൽപന ഷോറൂമുകളിലുണ്ടായ തൊഴിൽ നഷ്ടം ഇതിന് പുറമേയാണ്.

ഓട്ടോമൊബൈൽ മേഖല ജിഡിപിയുടെ 7 ശതമാനം വരും. മൊത്തം വ്യവസായമേഖലയിൽ നിന്ന് ജിഡിപിക്കുള്ള സംഭാവനയുടെ 25 ശതമാനം ഈ മേഖലയിൽ നിന്നാണ്. ഉത്പാദന വ്യവസായ മേഖലയിലെ ചരക്ക് -സേവന മൂല്യത്തിന്റെ 49 ശതമാനം വരുന്നതും ഓട്ടോമൊബൈൽ മേഖലയിൽ നിന്നാണ്. ദേശീയ സമ്പദ്ഘടന അകപ്പെട്ട പ്രതിസന്ധിയുടെ ആഴം ഇതിൽനിന്നും ഊഹിക്കാവുന്നതാണ്. സർക്കാരിന്റെ നടപടികൾ ആഴത്തിലുള്ള മുറിവുകൾക്കു ബാൻഡ് എയ്ഡ് ചികിത്സ നടത്തുന്നതിന് സമമാണ്.

സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചേഴ്സ് (SIAM) വക്താക്കൾ നൽകുന്ന കണക്കുകൾ അനുസരിച്ച് ഈ മേഖലയിലെ മൊത്തം തൊഴിൽ - നേരിട്ടുള്ളതും പരോക്ഷവും - 30 ദശ ലക്ഷമാണ്.ഈ തൊഴിലാളികൾ വൻതോതിലുള്ള തൊഴിൽ നഷ്ടപ്പെടൽ ഭീഷണിയിലാണ്.തൊഴിലാളികളിൽ 70 ശതമാനത്തിലധികവും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാകയാൽ അവരെ എളുപ്പം പിരിച്ചുവിടാൻ മാനേജമെന്റുകൾക്കു കഴിയും.വാഹന ഉത്പാദന മേഖല തളർന്നാൽ സ്പെയർ പാർട്സ് -ടയർ ഉൽപാദന മെഖലയെയും ബാധിക്കും. ഓരോ വർഷവും ഏകദേശം 25 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മോട്ടോർ മേഖലയിൽ 15 ശതമാനത്തോളം തൊഴിലുകൾ ഇതിനകം നഷ്ടപ്പെട്ടതായാണ് കണക്കാക്കുന്നത്.

രാജ്യത്തെ പ്രമുഖ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ്, മഹീന്ദ്ര &മഹീന്ദ്ര, മാരുതി സുസുക്കി, ടൊയോട്ട , അശോക് ലൈലാൻഡ് തുടങ്ങിയ കമ്പനികളെല്ലാം പ്രവർത്തി

ദിവസങ്ങളെല്ലാം വെട്ടിക്കുറക്കുകയാണ്. ഉത്പാദനം കുറയ്ക്കാനാണ് ഈ നടപടി. ഉത്പന്നങ്ങൾ വിറ്റ് പോകാതെ കെട്ടിക്കിടക്കുമ്പോൾ അവരുടെ മുന്നിൽ മറ്റു മാർഗങ്ങളില്ല. സ്പെയർപാർട്സ് ഉത്പാദന രംഗത്തെ പ്രമുഖരായ ടിവിഎസ് ഗ്രൂപ്പ് (ചെന്നൈ )കമ്പനികളും പ്ലാന്റുകൾ ഏതാനും ദിവസങ്ങൾ അടച്ചിട്ടു. രാജ്യത്തെ ഏറ്റവും വലിയ ഇരുചക്ര വാഹന ഉത്പാദന കമ്പനിയായ ഹീറോ മോട്ടോർ കോർപറേഷനും ഉത്പാദനം വെട്ടിക്കുറച്ചു. വാഹന വില്പന ഗണ്യമായി കുറഞ്ഞതിനാൽ ഷോറൂമുകളിൽ ജോലി ചെയ്തിരുന്നവരിൽ രണ്ട് ലക്ഷം പേർക്ക് ജോലി നഷ്ടമായി.എല്ലാത്തരത്തിലുമുള്ള വാഹനങ്ങളുടെ വില്പന ഗണ്യമായി കുറഞ്ഞു.

വാഹനങ്ങളുടെ വില്പന മാത്രമല്ല അടിയുടുപ്പുകൾ,ബിസ്കറ്റ് എന്നിവയുടെയും വിൽപന കുറഞ്ഞു. പാർലെ ബിസ്കറ്റ് കമ്പനി പ്രവർത്തി ദിവസങ്ങൾ കുറച്ചു. രാജ്യത്തെ ടെക്സ്റ്റയിൽ വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലാണ്. വ്യവസായ മേഖലയുടെ വളർച്ചാ നിരക്ക് പടിപടിയായി കുറഞ്ഞു വരികയായിരുന്നു. "മേയ്ക് ഇൻ-ഇന്ത്യ " മുദ്രാവാക്യം ഉയർത്തിയതല്ലാതെ വ്യവസായ വളർച്ചക്കും,തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികളൊന്നും മോഡി സർക്കാർ കൈക്കൊണ്ടില്ല. നോട്ട് നിരോധനം ചെറുകിട വ്യവസായ മേഖലയെ തകർത്തു. ലക്ഷക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടമായത്.പിന്നീട് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജിഎസ് ടി യും ചെറുകിടക്കാരെയാണ് ബാധിച്ചത്. റിലയൻസ് പോലുള്ള വൻകിട കോർപറേറ്റുകളുടെ വളർച്ച മാത്രമാണ് മോദിയുടെ അജണ്ട. സാധാരണ തൊഴിലാളികളും,കർഷകരും,ചെറുകിട സംരംഭകരും സർക്കാരിന്റെ പരിഗണയിലില്ല.

വ്യവസായ രംഗത്തെ മാന്ദ്യം ലോക് സഭാ തെരഞ്ഞെടുപ്പിന് ശേഷം ഓഹരി കമ്പോളത്തിലും പ്രത്യാഘാതം സൃഷ്ടിച്ചു. സെൻസെക്സ് 2019 മേയ് 31 ന് 37000 പോയിന്റായിരുന്നു. ജൂൺ 4 ന് 40000 ആയി ഉയർന്നു. എന്നാൽ ആഗസ്റ്റ് 1 ആകുമ്പോൾ വീണ്ടും ഇടിഞ്ഞു 37000 പോയിന്റായി താഴ്ന്നു.വിദേശ നിക്ഷേപം 2019 ജൂലായ് മാസത്തിൽ 2986 കോടി രൂപാ പിൻവലിച്ച് രാജ്യത്തിന് പുറത്തേക്ക് പോയി.

മോദിയുടെ നേതൃത്വത്തിൽ ബിജെപി സർക്കാർ വീണ്ടും അധികാരത്തിൽ വന്നാൽ രാജ്യത്തിൻറെ സമ്പദ്ഘടനയിൽ വലിയ മുന്നേറ്റമുണ്ടാകുമെന്ന് കരുതിയവർ ഉണ്ട്.ലോകസഭാ തെരഞ്ഞെടുപ്പിന് മുൻപ് വ്യവസായികളിൽ പരക്കെ ഈ ധാരണ ഉണ്ടായിരുന്നു.നവ-ഉദാരവത്കരണ നയങ്ങൾ മുറുകെ പിടിക്കുന്ന ബിജെപി സർക്കാരിന്റെ നയങ്ങൾ അവർ പ്രതീക്ഷയോടെയാണ് വീക്ഷിച്ചത്. സ്വകാര്യനിക്ഷേപത്തിന്മേലുള്ള ലാഭ നിരക്ക് ഉയരുമെന്നും സ്വകാര്യ നിക്ഷേപം വൻതോതിൽ വർധിക്കുമെന്നും കണക്കുകൂട്ടി. ലോകത്തിലെ വേഗതയിൽ വളരുന്ന സമ്പദ്ഘടനയാണ് ഇന്ത്യ എന്ന് പ്രചരിപ്പിക്കപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് കോർപറേറ്റ് ഫണ്ട് വൻതോതിൽ തിരഞ്ഞെടുപ്പ് കാലത്തു ബിജെപിക്ക് ലഭിച്ചത്. ഇലക്ടറൽ ബോണ്ടു കളുടെ 92 ശതമാനവും ലഭിച്ചത് ബിജെപിക്കാണ്.

സാമ്പത്തിക രംഗത്ത് കൂടുതൽ ശക്തമായ നടപടികൾ പുതിയ സർക്കാർ സ്വീകരിക്കുമെന്നും അത് സമ്പദ്ഘടനയെ മുന്നോട്ട് ചലിപ്പിക്കുമെന്നും കരുതിയവർ ഉണ്ടായിരുന്നു. എന്നാൽ രണ്ടാം മോദി സർക്കാരിന്റെ ബജറ്റ് വ്യവസായ നിക്ഷേപകരെ ആവേശം കൊള്ളിച്ചില്ല. ഒരു മാജിക്കും മോദിസർക്കാർ കാണിക്കാൻ പോകുന്നില്ല എന്ന ധാരണ പരന്നു. ജിഎസ് ടി വിഭവ സമാഹരണത്തിൽ സർക്കാരിനെ സഹായിക്കുന്ന വിധത്തിലായില്ല - റവന്യൂ വരുമാനം കുറഞ്ഞു. ധനക്കമ്മി കുറക്കാൻ സർക്കാർ ബാധ്യസ്ഥമായതിനാൽ കൂടുതൽ വായ്പയെടുക്കാനും കഴിയാതെ വന്നു. ഈ സാഹചര്യത്തിൽ ചെലവ് കുറക്കാൻ സർക്കാർ നിർബന്ധിക്കപ്പെട്ടു. സർക്കാർ ചെലവ് കുറച്ചാൽ കമ്പോളത്തിൽ വാങ്ങൽ ശേഷി ഉയർത്താനോ,പശ്ചാത്തലസൗകര്യ വികസനമോ കഴിയാതെ വരും.ബാങ്കുകൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി (ഭീമമായ കിട്ടാക്കടം മൂലം)ക്ക് പരിഹാരം കാണാനും കഴിയാത്ത സാഹചര്യമുണ്ടായി.വായ്പകൾ കൂടുതൽ നൽകി ചോദനം ഉത്തേജിപ്പിക്കാൻ ബാങ്കുകൾക്ക് കഴിയാതെയായി.

നവ ഉദാരവത്കരണ നയങ്ങളാണ് സമ്പദ്ഘടനയിൽ ഇന്നത്തെ പ്രശ്നങ്ങളെല്ലാം സൃഷ്ടിച്ചത്. ഇന്ത്യയിൽ കമ്പോളം വികസിക്കുന്നത് സർക്കാർ ചെലവുകൾ വർധിപ്പിച്ചും,വായ്പകൾ ലഭ്യമാക്കിയുമാണ്. കയറ്റുമതി വളർച്ചയിലൂടെ വലിയ ചലനം സൃഷ്ടിക്കാൻ

ഇൻഡ്യക്കാവില്ല.സർക്കാർ ചെലവുകൾ വെട്ടിക്കുറച്ചാൽ സാമ്പത്തിക വളർച്ച മുരടിക്കും. ധനകാര്യമേഖലയിലെ പ്രതിസന്ധി പരിഹരിച്ചില്ലെങ്കിൽ വായ്പകൾ ആവശ്യത്തിന് ലഭ്യമല്ലാതാകുകയും,ചോദനവും വളർച്ചയും പുറകോട്ടടിക്കുകയും ചെയ്യും.

ലാഭനിരക്കിൽ ചാഞ്ചാട്ടം ദൃശ്യമാകുന്ന ഉടനെ വിദേശ നിക്ഷേപം പുറത്തേക്ക് പോകുകയാണ്. എന്നാൽ ആഭ്യന്തര വ്യവസായം,ബാങ്കിങ്,വ്യാപാരം എന്നീ മേഖലകളിലെ നിക്ഷേപകർക്ക് ഇങ്ങനെ ചെയ്യാൻ കഴിയില്ല. ഈ വിഭാഗമാണ് ഇപ്പോൾ സാമ്പത്തിക തകർച്ചയെക്കുറിച്ച് സംസാരിച്ച് കൊണ്ടിരിക്കുന്നത്. നവ-ഉദാരവത്കരണ നയങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടാകുമെന്ന് ചിലർ പ്രതീക്ഷിക്കുന്നു.

കൂടുതൽ ഉദാരവത്കരണ നടപടികൾ ഭരണകൂടപിന്തുണ കൂടാതെ കൂടുതൽ വളർച്ച കൈവരിക്കാൻ അവസരമൊരുക്കുമെന്നാണ് പലരും കരുതിയിരുന്നത്. സ്വകാര്യവത്കരണത്തിനും തന്ത്രപ്രധാന മേഖലകളിൽ നിന്ന് സർക്കാർ പിന്മാറണമെന്നും വാദിച്ചിരുന്നത് ഈ ധാരണയിലാണ്. എന്നാൽ വർധിപ്പിച്ച ഉദാരവത്കരണവും,പരിഷ്കരണവുമാണ് ഇപ്പോഴത്തെ പ്രതിസന്ധിയ്ക്ക് കാരണമെന്ന് നീതി ആയോഗ് മേധാവികൾ തന്നെ പുറത്ത് പറയാൻ തുടങ്ങി. ഇതുവരെ ആവേശത്തോടെ ഉയർത്തിപ്പിടിച്ച നയങ്ങളിൽ നിന്ന് പിന്തിരിയലാണ് ഇപ്പോൾ ആ നയങ്ങളുടെ വക്താക്കൾ തന്നെ പറയുന്നത്.

തെരഞ്ഞെടുപ്പുകാലത്ത്,സാമ്പത്തിക പ്രശ്നങ്ങളല്ല സർക്കാർ പ്രധാനമായും ഉയർത്തിയിരുന്നത്. ഭരണത്തിൽ വന്ന ശേഷം വിവരാവകാശ നിയമ ഭേദഗതി, കാശ്മീർ വിഭജനം തുടങ്ങിയ സർക്കാർ നടപടികൾ എതിരഭിപ്രായങ്ങളെ അടിച്ചമർത്തുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തിയായിരുന്നു. ഇത് മോദിയുടെ മിനിമം ഗവൺമെൻറ് -മാക്സിമം ഗവർണൻസ് എന്ന നയത്തെ അടിസ്ഥാനമാക്കിയാണ്.എന്നാൽ ഈ നയം ഗൗരവമായ ഒരു നയമായി ഇന്ത്യൻ ബിസിനസ് ലോകം കാണുന്നുമില്ല.

2008 ൽ ലോക മുതലാളിത്തം നേരിട്ട പ്രതിസന്ധിയിൽ നിന്ന് ഇപ്പോഴും കരകയറിയിട്ടില്ല. വീണ്ടും ഒരു പ്രതിസന്ധിയിലേക്കാണ് ആഗോള സാമ്പത്തിക വ്യവസ്ഥ നീങ്ങുന്നതെന്ന് ആശങ്കയുണ്ട്. അമേരിക്കയിൽ പോലും സാമ്പത്തിക വളർച്ച കുറയുകയാണ്. ജർമനി,ചൈന,എന്നീ രാജ്യങ്ങളിലെ സാമ്പത്തിക വളർച്ചയും ആശാവഹമല്ല. ജർമനി,ചൈന എന്നീ രാജ്യങ്ങളിലെ വളർച്ചാ മുരടിപ്പ് ലോക സമ്പദ്ഘടനയെയും ബാധിക്കുന്നു. പ്രത്യേകിച്ച് യൂറോപ്പിലും ഏഷ്യയിലും. ചൈനയിൽ നിന്നുള്ള ഡിമാൻഡ് കുറഞ്ഞത് തായ്‌ലണ്ടിന്റെ സാമ്പത്തിക വളർച്ച 2014 ലേതിന്റെ പിറകോട്ട് കൊണ്ട് പോയി.

ഉദാരവത്കരണ നയങ്ങൾ വൻകിട കോർപറേറ്റുകളുടെ ലാഭം വർധിപ്പിക്കാൻ സഹായിച്ചു. കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ ലഭിക്കുന്നിടത്ത് മുതൽ മുടക്കാനും,കമ്പോളങ്ങൾ കൈയ്യടക്കാനും അവസരം ലഭിച്ചപ്പോൾ കോർപറേറ്റ് ലാഭം കുന്നുകൂടി. സാമ്പത്തിക അസമത്വം വർധിച്ചു. ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ വരുമാനം വർധിക്കാതിരിക്കുന്നതാണ് വാങ്ങൽ കഴിവ് ഇടിയാനും,കമ്പോളം ശുഷ്കിക്കാനും കാരണം. നേരിട്ട് കമ്പോളം ഉത്തേജിപ്പിക്കാൻ വായ്പകൾ ലഭ്യമാക്കലാണ് മുതലാളിത്ത ഭരണകൂടങ്ങൾ കാണുന്ന പരിഹാരമാർഗം.ഇതെല്ലാം ഒടുവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ എത്തും.

നവ-ഉദാരവത്കരണ നയം തന്നെ വെല്ലുവിളി നേരിടുന്നു.അമേരിക്ക ചൈനീസ് ഇറക്കുമതിക്ക് നേരെ ചുങ്കമേർപ്പെടുത്തുക വഴി ലോകം ഒരു ഗ്രാമം (ഗ്ലോബൽ വില്ലേജ് )എന്ന സങ്കല്പം പൊളിഞ്ഞു. അമേരിക്ക -ചൈന വ്യാപാര യുദ്ധം ലോക സമ്പദ്ഘടനയിലാകെ പ്രശ്നങ്ങൾ സൃഷ്ടിക്കും. ചുരുക്കത്തിൽ മുതലാളിത്തം കടുത്ത പ്രതിസന്ധിയെയാണ് നേരിടുന്നത്. അധ്വാനിക്കുന്ന വർഗങ്ങളുടെ ചെറുത്തുനിൽപ്പും, സമരങ്ങളും ഉയർത്തിക്കൊണ്ട് വരാൻ ഏറ്റവും അനുയോജ്യമായ അവസരമാണിത്.

(2019 സെപ്തംബർ 16 ന് ചേർന്ന സിഐടിയു സംസ്ഥാന കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ച ഇന്ത്യയിലെ സാമ്പത്തിക മാന്ദ്യം സംബന്ധിച്ച റിപ്പോർട്ട് )

**********************